**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2806** **13-02-2024 - ൽ മറുപടിയ്ക്ക്**

**ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഇടമലയാറിൽ മുൻപ് പ്രഖ്യാപിച്ച ഹൈഡൽ ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (എ) | ഇടമലയാർ റിസർവ്വ് വനമേഖലയായതിനാൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി മാത്രമേ ടൂറിസം പദ്ധതികൾ സാധിക്കുകയുള്ളൂ. വനം വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ-ന്റെ അനുമതിയോടെ പദ്ധതി ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| (ബി) | ഏറെ ടൂറിസം വികസന സാധ്യതകളുള്ള ഈ പ്രദേശത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | വനം വകുപ്പിന്റെ അനുമതി ലഭിച്ച ശേഷം വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി അതിന്റെ സാധ്യതകൾ വിലയിരുത്തി നടപടികൾ സ്വീകരിക്കാവുന്നതാണ്. |
| (സി) | ടൂറിസവുമായി ബന്ധപ്പെട്ട് ഇടമലയാർ സർവ്വീസ് സഹകരണ ബാങ്ക് നൽകിയിട്ടുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ ഉണ്ടായിട്ടില്ല |
| (ഡി) | ഇടുക്കി മോഡലിൽ ഉത്സവ സീസണുകളിലെങ്കിലും നിയന്ത്രണ വിധേയമായി പൊതുജനങ്ങൾക്ക് ഡാമിലും പരിസര പ്രദേശങ്ങളിലും പ്രവേശനം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ പരിഗണനയിലില്ല.ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ